പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

23.7.2015 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 497

**റിയാബിന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീമതി കെ.എസ്. സലീഖ ;<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ;<br>ശ്രീമതി പി. അയിഷാ പോറ്റി ;<br>ശ്രീ. ആർ. രാജേഷ് ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) റിയാബിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | എ) | ഉണ്ട്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (പ്ലാനിംഗ്), ധനകാര്യ വകുപ്പ് എക്സ്പെൻഡിച്ചർ സെക്രട്ടറി, ധനകാര്യ മേഖലയിൽ പ്രവീണ്യമുള്ള രണ്ട് അംഗങ്ങൾ, സെക്രട്ടറി (റിയാബ്) എന്നിവരുൾപ്പെടുന്ന ഗവേണിംഗ് ബോർഡ് റിയാബിന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. |
| ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തി പുരോഗതിയിലേയ്ക്ക് നയിക്കുന്നതിന് റിയാബിന്റെ പ്രവർത്തനം സഹായകമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | ബി) | ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനത്തിന്റെ ചുമതലയും, സ്ഥാപനങ്ങളുടെ ധനാഭ്യർത്ഥന ഉൾപ്പെടെ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ വിശകലനം ചെയ്ത് ആവശ്യമായ ശുപാർശകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുക എന്നിവയാണ് റിയാബ് നിർവ്വഹിച്ചുവരുന്ന പ്രധാന ചുമതലകൾ.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ സ്ഥാപനങ്ങളുടെ വിവിധ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആഡിറ്റുകളുടെ പൂർത്തീകരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ ധനാഭ്യർത്ഥന സംബന്ധിച്ച പ്രൊപ്പോസലുകളുടെ വിശകലനം, സ്ഥാപനങ്ങളുടെ ഓരോ വർഷത്തേയും |

പ്രവർത്തനം സംബന്ധിച്ച് ബഡ്ജറ്റും പദ്ധതിയുടെയും അവലോകനവും, പൊതുമേഖലാ സ്ഥാപനങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും സുതാര്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുമായി വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങൾ എന്നിവ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന ചുമതലകൾ റിയാബിന്റെ നേതൃത്വത്തിലാണ് നിർവ്വഹിച്ചുവരുന്നത്.

സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് സഹായകമായ പ്രവർത്തനം നടത്തുന്നതിന് രൂപീകൃതമായ സ്ഥാപനങ്ങൾ ആവശ്യമായ തരത്തിൽ പ്രവർത്തനക്ഷമമാകുന്നില്ലെങ്കിൽ അത്തരം സ്ഥാപനങ്ങളോടുള്ള നിലപാട് വ്യക്തമാക്കുമോ ?

സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിക്ക് സഹായകമായ പ്രവർത്തനം നടത്തുന്നതിന് രൂപീകൃതമായ റിയാബ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. റിയാബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുവാൻ റിയാബിന്റെ ബോർഡിനെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ